"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് -തൃശ്ശൂർ നഗരസഭ - വൈദ്യുതി വിഭാഗം - റിട്ട.ടൈപ്പിസ്റ്റ് ശ്രീമതി.കെ.സി.ജാനു - ഗ്രേഡ് ആനുകൂല്യം അനുവദിച്ച് ശമ്പളം പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിച്ച ശമ്പളത്തിനു ആനുപാതികമായി പെൻഷൻ പരിഷ്കരിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ.(സാധാ) നം.1732/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/09/2021

---

പരാമർശം:-

1. ശ്രീമതി.കെ.സി.ജാനു, ടൈപ്പിസ്റ്റ് (റിട്ട), തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം നൽകിയ സമർപ്പണം.
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 21/07/2016 തീയതിയിലെ കെ.എസ്.എ396/ആർ1/2016 നമ്പർ കത്ത്.
3. 12/02/2013, 08/05/2013, 31/01/2014, 02/06/2015, 08/01/2021 എന്നീ തീയതികളിലെ നഗരകാര്യ ഡയറക്ടറുടെ ഇ4/18536/12 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗത്തിൽ നിന്നും ടൈപ്പിസ്റ്റായി റിട്ടയർ ചെയ്ത ശ്രീമതി . കെ . സി . ജാനുവിന് അനുവദിച്ച 2 5 വർ ഷത്തെ 3 - ◌ാമത്തെ ഗ്രേഡ് അനുവദിക്കുന്നതിനായി 1998 ലെ ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റിന്റെ പ്രൊമോഷൻ തസ്തികകളും സ്കെയിലുകളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓഡിറ്റ് തടസ്സമുണ്ടായതായും ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ 1998 ലെ ഉത്തരവിലെ അപാകത പരിഹരിക്കണമെന്നും ടിയാരി പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ ടൈപ്പിസ്റ്റായി 15.06.1976 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി.കെ.സി.ജാനുവിന് 01.08.1986 ൽ ഒന്നാമത്തെ സമയബന്ധിത ഗ്രേഡ് പ്രൊമോഷനും 15.06.1994 ൽ രണ്ടാമത്തെ ഗ്രേഡ് പ്രൊമോഷനും നൽകിയിട്ടുള്ളതായും മൂന്നാമത്തെ ഗ്രേഡ് പ്രൊമോഷൻ 15.06.2001 ൽ ടിയാരിക്ക് അനുവദിച്ചെങ്കിലും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ തസ്തിക വൈദ്യുതി വിഭാഗത്തിൽ നിലവിലില്ലാത്തതിനാൽ സർക്കാർ ഉത്തരവ് ലഭ്യമാക്കിയാൽ മാത്രമേ ടിയാരിക്ക് ഗ്രേഡ് ആനുകൂല്യം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന തടസ്സവാദം ഉന്നയിച്ച് മൂന്നാമത്തെ ഗ്രേഡ് ആനുകൂല്യത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം അംഗീകാരം നൽകിയിട്ടില്ല എന്ന് തൃശ്ശൂർ നഗരസഭാ വൈദ്യുത വിഭാഗം അസിസ്റ്റന്റ് സെക്രട്ടറി റിപ്പോർട്ട് ചെയ്തതായി പരാമർശം (3) ലെ കത്ത് മുഖേന നഗരകാര്യ ഡയറക്ടർ അറിയിച്ചിരുന്നു.

തൃശ്ശൂർ കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിന്റെ 1993- ലെയും 1998- ലെയും ശമ്പള പരിഷ്കരണ ഉത്തരവുകളിൽ യു.ഡി. ടൈപ്പിസ്റ്റിന്റെ പ്രൊമോഷൻ തസ്തികകൾ വ്യക്തമാക്കാതിരുന്നതാണ് ഓഡിറ്റ് തടസ്സത്തിനു കാരണമെന്നും ഇത് ശമ്പള പരിഷ്കരണ ഉത്തരവിൽ സംഭവിച്ച ഒരു പോരായ്മയാണ് എന്നും സ്കെയിലിന്റെ കാര്യത്തിൽ വ്യക്തതയില്ലെങ്കിലും 18, 25 വർഷത്തെ സമയബന്ധിത ഗ്രേഡുകൾക്ക് ടിയാരിക്ക് അർഹതയുള്ളത് നിഷേധിക്കാൻ കഴിയാത്തതിനാലും ടിയാരി വിരമിച്ചിട്ടുള്ള സാഹചര്യത്തിലും സമയബന്ധിത ഗ്രേഡുകൾ ഏതു സ്കെയിലുകളിൽ നൽകണം എന്നത് വ്യക്തമാക്കി, ഈ പ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ 93, 98 ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ഇല്ലാത്ത തസ്തികകളിലെ സ്കെയിലുകൾ സംബന്ധിച്ച് സർക്കാരിൽ നിന്നു തന്നെ ഉചിതമായ തീരുമാനമെടുത്ത് ഈ വിഷയത്തിൽ സ്പഷ്ടീകരണം നൽകണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിശ്ചിത വർഷ യോഗ്യതാ സേവനകാലം പൂർത്തിയാക്കിയിട്ടും പ്രൊമോഷൻ ലഭ്യമാകാതെ പ്രവേശന തസ്തികയിൽ തുടരുന്നവർക്ക് പ്രൊമോഷന് തുല്യമായി നൽകുന്ന ആനുകൂല്യങ്ങളാണ് സമയബന്ധിത ഹയർ ഗ്രേഡ്. ശ്രീമതി.കെ.സി.ജാനുവിന് സർവ്വീസിൽ പ്രവേശിച്ചതിനു ശേഷം ഒരു പ്രൊമോഷൻ പോലും ലഭിച്ചിട്ടില്ലാത്തതിനാലും ടൈപ്പിസ്റ്റ് തസ്തികയുടെ പ്രൊമോഷൻ തസ്തികകൾ തൃശ്ശൂർ നഗരസഭ ഇലക്ട്രിക്കൽ വിഭാഗത്തിൽ നിലവില്ലാത്തതിനാലും. നിശ്ചിത വർഷ യോഗ്യതാ സേവനകാലം പൂർത്തീകരിക്കുന്ന മുറയ്ക്ക് 05.01.1991-ലെ സ.ഉ (കൈ) നം.27/91/LAD ഉത്തരവിലെ ഗ്രേഡ് പ്രൊമോഷൻ സംബന്ധിച്ച നിബന്ധന 8 പ്രകാരം ടിയാരി തുടർന്ന് വന്നിരുന്ന ശമ്പള സ്കെയിലിന് തൊട്ടടുത്ത ശമ്പള സ്കെയിലിൽ സമയബന്ധിത ഹയർ ഗ്രേഡ് പ്രൊമോഷന് അർഹതയുണ്ട്. ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് ലഭ്യമായ ശേഷം 1520-2925 ശമ്പള സ്കെയിലിൽ തുടർന്ന് വന്നിരുന്ന ശ്രീമതി.കെ.സി.ജാനുവിന്, 05.01.1991-ലെ സ.ഉ (കൈ) നം.27/91/LAD ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം തൊട്ടടുത്ത ശമ്പള സ്കെയിലായ 1690-3075 സ്കെയിലിൽ KSR, Part I Rule 28 A ശമ്പള നിർണ്ണയ ആനുകൂല്യത്തോടു കൂടി 15.06.1994 പ്രാബല്യത്തിൽ 18 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ് (രണ്ടാം സമയ ബന്ധിത ഹയർ ഗ്രേഡ്) അനുവദിക്കാവുന്നതാണ്. 23.06.2004 ലെ GO(MS)No.206/2004/LSGD ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയം 5740-9770 ശമ്പള സ്കെയിലിൽ നടത്തേണ്ടതാണ്. 25 വർഷം യോഗ്യതാ സേവനകാലം പൂർത്തീകരിച്ച 15.06.2001 പ്രാബല്യത്തിൽ 6060-10180 ശമ്പള സ്കെയിലിൽ KSR, Part I Rule 28 A ശമ്പള നിർണ്ണയ ആനുകൂല്യത്തോടു കൂടി മൂന്നാം സമയബന്ധിത ഹയർ ഗ്രേഡും തുടർന്ന് 13.08.2009 ലെ GO(MS)No.160/2009/LSGD ഉത്തരവ് പ്രകാരമുള്ള പരിഷ്കരിച്ച ശമ്പളം 9795-16365 ശമ്പള സ്കെയിലിൽ അനുവദിക്കേണ്ടതാണ്. ശ്രീമതി. കെ . സി . ജാനു 30.06.2005 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ഇപ്രകാരം ടിയാരിയുടെ ശമ്പളം പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിച്ച ശമ്പളത്തിന് ആനുപാതികമായി പെൻഷൻ പരിഷ്കരിക്കുന്നതിനും നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അസിസ്റ്റന്റ് സെക്രട്ടറി, തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം.
ശ്രീമതി.കെ.സി.ജാനു, റിട്ട.ടൈപ്പിസ്റ്റ്, തൃശ്ശൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ